നം.ക്യു.ഐ.പി(2)/36273/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 03.06.2016

# സർക്കുലർ

വിഷയം :- പൊ.വി. - ലോകപരിസ്ഥിതി ദിനം - ആചരിക്കുന്നത് - സംബന്ധിച്ച്.
സൂചന :-

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ചുകൊണ്ട് ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിക്കുകയാണല്ലോ. എല്ലാ ജീവജാലങ്ങളുടേയും സംരക്ഷണം ഉറപ്പുവരുത്തുകയെന്നതു നമ്മുടെ കടമയും നിലനിൽപ്പിന്റെ ആവശ്യവുമാണ്. ഈ തിരിച്ചറിവ് വിദ്യാർത്ഥികൾക്കിടയിൽ ഉണ്ടാക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ പരിസ്തിതി ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 6ന് എല്ലാ വിദ്യാലയങ്ങളും ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. അന്നേ ദിവസം ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന പരിസ്ഥിതിദിന പ്രതിജ്ഞ സ്കൂൾ അസംബ്ലിയിൽ ചൊല്ലേണ്ടതാണ്.

നമ്മുടെ വിദ്യാലയങ്ങളിലെ പരിസ്ഥിതി ദിനാചരണത്തിന്റെ ഈ വർഷത്തെ മുദ്രാവാക്യം 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്നതായിരിക്കും. ഈ സന്ദേശം കുട്ടികളിലേയ്ക്കെത്തിക്കാൻ താഴെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

- വിദ്യാലയ പരിസരത്തുള്ള ജൈവ വൈവിധ്യത്തെ തിരിച്ചറിയാനും സംരക്ഷിക്കാനും പര്യാപ്തമായ പ്രവർത്തനങ്ങൾ
- പരിസ്ഥിതിക്കു കോട്ടം വരുത്താത്ത ജീവിതശൈലി ശീലമാക്കുന്നതിനു സഹായകരമായ പ്രവർത്തനങ്ങൾ.
- വിദ്യാർത്ഥികൾക്കിടയിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ.
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയ പരിസര ബോധവത്ക്കരണ പ്രവർത്തനങ്ങൾ.

ഇതോടൊപ്പം ഉൾച്ചേർത്തിട്ടുള്ള ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ പരിസ്ഥിതി ദിന സന്ദേശം, കർമ്മപദ്ധതി എന്നിവ എല്ലാ വിദ്യാർത്ഥികളിലേയ്ക്കും എത്തിക്കാനായി ക്ലാസ് മുറികളിൽ അധ്യാപകർ അവതരിപ്പിക്കുകയും ഇതിന്റെ പ്രാധാന്യം കുട്ടികൾക്ക് വിശദമാക്കി കൊടുക്കുകയും ചെയ്യേണ്ടതാണ്. സന്ദേശവും കർമ്മപദ്ധതിയും കുട്ടികൾക്ക് വീണ്ടും വായിക്കാൻ കഴിയുംവിധം വിദ്യാലയങ്ങളിൽ പ്രദർശിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ആഫീസർമാർ മുഖേന)
കരുതൽ ഫയൽ